ഇവയിൽ നീലേശ്വരവും കാസർഗോഡ് ടൗണും ഒഴികെയുള്ളവയുടെ പണി ആരംഭിച്ചിട്ടുണ്ട്. നീലേശ്വരം സബ്സ്റ്റേഷന്റെ നിർമ്മാണം മാർച്ചിൽ ആരംഭിക്കുന്നതാണ്. കാസർഗോഡ് ടൗൺ സബ്സ്റ്റേഷന്റെ സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം ജോലി ആരംഭിക്കുന്നതാണ്. ഇതു കൂടാതെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ 218 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നുണ്ട്. ഇതിന് 204.48 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണി പുരോഗമിച്ചുവരുന്നു.

(ബി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

ഇടുക്കി ജില്ലയിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീം വർക്കുകൾ

132 [890] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീമിൽ എത്ര വർക്കുകൾ ആണ് ഇനി തീരാനുള്ളത്; സെക്ഷൻ തിരിച്ചുള്ള മുൻഗണനാ ലിസ്റ്റ് ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വർഷമായി ഇവ തീർപ്പ്കൽപ്പിക്കാതെ കിടക്കുന്നു; ഇവ തീർക്കുന്നതിന് ആവശ്യമായ മെറ്റീരിയൽസ് എത്ര വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) തൊടുപുഴ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തൊടുപുഴ നമ്പർ 1, നമ്പർ 3, കരിമണ്ണൂർ, മൂലമറ്റം, വണ്ണപ്പുറം മേഖലകളിലായി എത്ര വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീമുകൾ പണി തീരാനുള്ള ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ മുൻഗണനാക്രമം വെളിപ്പെടുത്തുമോ;

(ഡി) ഇടുക്കി എ.ഇ.-യുടെ കീഴിൽ എത്ര വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീം പണി തീർക്കാൻ ഉണ്ട്, ഇവ ഏതെല്ലാം വർക്കുകളാണ്; മുൻഗണനാക്രമം വ്യക്തമാക്കാമോ; ഇതിന് ഓരോന്നിനും എത്ര മെറ്റീരിയൽസ് വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 182 വർക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) 9/95 മുതൽ 1/04 വരെ (വസ്തുവിലൂടെ ലൈൻ കടന്നു പോകുന്നത് സംബന്ധിച്ച് തർക്കം നിലവിലുണ്ടായിരുന്നതിനാൽ 7/94 മുതൽ തീർപ്പു കൽപ്പിക്കാതെ കിടന്ന ഒരു വർക്ക് ഇപ്പോൾ പുരോഗമിച്ചു വരുന്നു). ഈ പണികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

തൊടുപുഴ നമ്പർ 1	..	1 മുതൽ 16 വരെയുള്ള ജോലികൾ
തൊടുപുഴ നമ്പർ 2	..	17 മുതൽ 26 വരെയുള്ള ജോലികൾ
കരിമണ്ണൂർ	..	27 മുതൽ 31 വരെയുള്ള ജോലികൾ
മൂലമറ്റം	..	40 മുതൽ 59 വരെയുള്ള ജോലികൾ
വണ്ണപ്പുറം	..	32 മുതൽ 39 വരെയുള്ള ജോലികൾ

മുൻഗണനാക്രമത്തിലാണ് നൽകിയിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടുക്കി എ.ഇ.-യുടെ കീഴിലുള്ള വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീം 21 എണ്ണം പണി തീർക്കാനുണ്ട്. വർക്കുകളുടെ വിവരവും മുൻഗണനാക്രമവും അനുബന്ധം 1-ൽ സീരിയൽ നമ്പർ 60 മുതൽ 80 വരെയായി നൽകിയിരിക്കുന്നു. ഈ ജോലികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ബാലുശ്ശേരി സെക്ഷനിൽ ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ

133 [892] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സെക്ഷനിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ നൽകുവാൻ ബാക്കിയുണ്ട്;

(ബി) ഇപ്പോൾ ഏത് വർഷം ലഭിച്ച അപേക്ഷകളിലാണ് കണക്ഷൻ നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1660.

(ബി) വിവിധ വിഭാഗങ്ങളിൽ താഴെ പറയുന്ന തീയതികൾ വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

വിശദവിവരം

(1) സാധാരണ മുൻഗണനാ പ്രകാരം പോസ്റ്റുകൾ ആവശ്യമുള്ളവ— മേയ് 1999 വരെ.

(2) സാധാരണ മുൻഗണനാ പ്രകാരം പോസ്റ്റുകൾ ആവശ്യമില്ലാത്തവ— നവംബർ 2001 വരെ.

(3) പോസ്റ്റുകൾ ആവശ്യമുള്ള ഒ.വൈ.ഇ.സി. കണക്ഷനുകൾ— സെപ്റ്റംബർ 2003 വരെ.

(4) പോസ്റ്റുകൾ ആവശ്യമില്ലാത്ത ഒ.വൈ.ഇ.സി. കണക്ഷനുകൾ— സെപ്റ്റംബർ 2003 വരെ.

(5) പോസ്റ്റുകൾ ആവശ്യമുള്ള ഒ.റ്റി.പി. കണക്ഷനുകൾ —മാർച്ച് 2000 വരെ.

(6) പോസ്റ്റുകൾ ആവശ്യമില്ലാത്ത ഒ.റ്റി.പി. കണക്ഷനുകൾ നവംബർ 2003 വരെ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly